# കേരള കാർഷിക സർവകലാശാല വാർത്തകൾ
## (ജൂൺ 29 – ജൂലായ് 05, 2023)

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2023 – 26** **Dt. 27. 06.2023**

## ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

മഴക്കാലത്ത് തെങ്ങിനെ ബാധിക്കുന്ന പ്രധാന കുമിൾരോഗമാണ് കൂമ്പുചീയൽ. കാറ്റു വീഴ്ച ബാധിച്ച തെങ്ങിൻ തോട്ടങ്ങളിൽ കൂമ്പുചീയൽ രോഗവും സാധാരണ കാണാറുണ്ട്. നടുനാമ്പിന്റെ അഴുകിത്തുടങ്ങിയ ഭാഗം ചെത്തി മാറ്റി തീയിട്ട് നശിപ്പിക്കുക. പിന്നീട് ബോർഡോ കുഴമ്പു പുരട്ടി വെള്ളം ഇറങ്ങാത്തവിധം മൺചട്ടികൊണ്ട് മൂടിവയ്ക്കുക. കൂടാതെ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തെങ്ങോലകളിൽ തളിച്ചു കൊടുക്കുകയും വേണം. വർഷത്തിൽ 10 തേങ്ങയിലും കുറവു ലഭിക്കുന്ന തെങ്ങുകളും സാരമായ രോഗബാധയുള്ള തെങ്ങുകളും വെട്ടിമാറ്റി നശിപ്പിച്ചതിനു ശേഷം രോഗപ്രതിരോധശേഷിയും അത്യുല്പാദനശേഷിയുമുള്ള ഇനങ്ങളുടെ തൈകൾ നടണം.

മൂടി കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. അതിനാൽ ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കൊഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി സ്ഥാപിക്കുക. ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണുകയാണെങ്കിൽ 1 മില്ലി ഫ്ളുബെൻഡയാമിഡ് 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

കുരുമുളകിന്റെ കൊടിത്തലകൾ ഇളകി വീണിട്ടുള്ളവ പിടിച്ചു കെട്ടണം. തണൽ കൂടിയാൽ പൊള്ളുവണ്ടിന്റെ ആക്രമണവും കുമിൾരോഗങ്ങളും കൂടും. തന്മൂലം കായ്പിടുത്തം കുറയും. അതുകൊണ്ട് താങ്ങുമരത്തിന്റെ ചില്ലകൾ മുറിച്ചു മാറ്റി കഴിയുന്നത്ര സൂര്യപ്രകാശം കൊടിയിൽ പതിക്കാൻ ആവശ്യമായ സൗകര്യം ചെയ്യണം. കുരുമുളകു തോട്ടങ്ങളിൽ ദ്രുതവാട്ടത്തിനെതിരെ മുൻകരുതലുകൾ എടുക്കണം. ദ്രുതവാട്ടം വന്ന് ഉണങ്ങിയതും കേടുവന്നതുമായ വള്ളികൾ മുറിച്ചു മാറ്റി തീയിട്ടുനശിപ്പിക്കണം. ദ്രുതവാട്ടത്തിനെതിരെ ട്രൈക്കോഡെർമ്മ എന്ന കുമിളിന്റെ കൾച്ചർ ഉപയോഗിക്കുന്നത് ഫലപ്രദമായിരിക്കും. ഒരു കിലോഗ്രാം ട്രൈക്കോഡെർമ്മ 10 കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക്, 90 കിലോഗ്രാം ഉണക്കിപ്പൊടിച്ച ചാണകം എന്നിവ ചേർത്ത് നല്ല തണലുള്ളതും വെള്ളം കയറാത്തതുമായ സ്ഥലത്ത് കൂട്ടിക്കലർത്തി രണ്ടാഴ്ച്ചയിടുക. ഇടയ്ക്ക് ഇളക്കികൊടുക്കുകയും, ചെറിയ ഈർപ്പം നിലനിർത്താൻ വെള്ളം തളിയ്ക്കുകയും വേണം. ഈ മിശ്രിതം കുരുമുളക് ചെടിയുടെ ചുവട്ടിൽ ചേർത്ത് കൊടുത്താൽ വാട്ടരോഗം വരാതിരിക്കുന്നതിന് ഒരു പരിധി വരെ സഹായിക്കും. അല്ലെങ്കിൽ സ്യൂഡോമോണാസ് ഒരു കിലോഗ്രാം 20

കിലോഗ്രാം ചാണകപ്പൊടിയുമായി കൂട്ടിക്കലർത്തി ഇട്ടു കൊടുക്കുന്നതും രോഗം നിയന്ത്രിക്കാൻ സഹായിക്കും.

വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം തടയുന്നതിനായി പ്രതിരോധ നടപടികൾ സ്വീകരിക്കണം. വണ്ടുകൾ ചെടിയുടെ അവശിഷ്ട ഭാഗങ്ങളിലും അഴുകിയ വസ്തുക്കളിലുമാണ് ഒളിച്ചിരിക്കുന്നത്. ഇവയുടെ ആക്രമണം തടയുന്നതിന് ആദ്യമായി ചെയ്യേണ്ടത് കൃഷിയിടം വൃത്തിയാക്കി വെയ്ക്കുക എന്നതാണ്. വാഴയിൽ ഉണങ്ങിയ ഇലകൾ നീക്കം ചെയ്യുകയും വേപ്പിൻ സത്തടങ്ങിയ കീടനാശിനിരൂപികകൾ (1%) 4 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി വാഴയുടെ തടഭാഗത്തും ഇലക്കവിളുകളിലും തളിക്കുന്നത് നല്ലതാണ്. ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ ക്ലോർപൈറിഫോസ് എന്ന കീടനാശിനി 2.5 മില്ലി ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി ഇലക്കവിളിൽ ഒഴിക്കുക. നേന്ത്രവാഴയ്ക്ക് ചിലയിടങ്ങളിൽ ബാക്ടീരിയമൂലം ഉണ്ടാകുന്ന മാണം അഴുകൽ രോഗം കാണുന്നുണ്ട്. വാഴയുടെ ഇലകൾ മഞ്ഞളിക്കുകയും വാഴക്കൈകൾ ഒടിയുകയും ക്രമേണ വാഴ കടയോടെ മറിഞ്ഞു വീഴുകയും ചെയ്യും. വാഴയുടെ മാണം ചീഞ്ഞ് അഴുകിയതായും കാണാം. മണ്ണിലൂടെയാണ് രോഗം പകരുന്നത് എന്നതു കൊണ്ട് ഇത് നിയന്ത്രിക്കുന്നതിനായി നീർവാർച്ച ഉറപ്പുവരുത്തണം. ബ്ലീച്ചിംഗ് പൗഡർ ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ വാഴയൊന്നിന് 5 ലിറ്റർ എന്ന കണക്കിന് ഒഴിച്ചു കൊടുക്കുക.

പച്ചക്കറികളിൽ ആമവണ്ടിനെ കാണാനിടയുണ്ട്. പുഴു ബാധിച്ച ഇലകൾ മുറിച്ചു മാറ്റിയതിനു ശേഷം 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. പച്ചക്കറികളിൽ ഇലപ്പേനിന്റേയും മണ്ഡരിയുടെയും ആക്രമണം നിയന്ത്രിക്കാൻ ബിവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക.

**ഒപ്പ്/-**
**പ്രൊഫസർ & ഹെഡ്**